# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025–26

സി.എം.എസ്. എൽ.പി. സ്കൂൾ
മച്ചുകാട്

# സി.എം.എസ്. എൽ.പി. സ്കൂൾ മച്ചുകാട്

**ആമുഖം**

കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക നവോത്ഥാനത്തിന് അടിത്തറ പാകിയത് മധ്യ തിരു വിതാംകൂർ കേന്ദ്രമാക്കി സി.എം.എസ് മിഷനറിമാർ നടത്തിവന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ്. സി.എം.എസ് മിഷനറിമാരുടെ ദീർഘവീക്ഷണത്തിന്റെ ഫലമായി 1896-ൽ സ്ഥാപിതമായ മച്ചുകാട് സി.എം.എസ് എൽ.പി.സ്കൂൾ 128 വർഷത്തെ തിളക്കമാർന്ന അധ്യായങ്ങൾ പിന്നിടുന്നു. ഈ വിദ്യാലയത്തിന്റെ തുടക്കം എറികാട് സി.എസ്.ഐ ദൈവാലയവുമായി കെട്ടുപണിഞ്ഞു കിടക്കുന്നു. എറികാട് സഭയുടെ കീഴിലും പള്ളം ഇടവകയുടെ മേൽനോട്ടത്തിലുമായി 1896-ൽ സ്കൂൾ ആരംഭിച്ചു. പുതുപ്പള്ളി ഗ്രാമത്തിന്റെ ആദ്യ വിദ്യാലയങ്ങളിൽ ഒന്നായി നിന്നുകൊണ്ട് അറിവ് പകർന്നു കൊടുക്കുന്നതിനോടൊപ്പം തന്നെ ഈ പ്രദേശത്തിന്റെ സംസ്കാരത്തെ നിർണയിക്കുന്നതിൽ ശ്രദ്ധേയമായ സ്വാധീനം ചെലുത്തുന്നതിന് ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ജാതിമത ചിന്തകൾക്കതീതമായി ചിന്തിച്ച് സമൂഹത്തിന് മുഴുവൻ അറിവ് പകർന്നു നൽകുന്നതിലൂടെ വിപ്ലവകരമായ സാമൂഹ്യ മാറ്റത്തിന് സജ്ജമാക്കുവാനും പക്വതയാർന്ന ജനതയെ രൂപപ്പെടുത്തുവാനും കഴിഞ്ഞു എന്നുള്ളതാണ് ഈ വിദ്യാലയത്തിന്റെ വലിയ നേട്ടം.

## നേട്ടങ്ങൾ / മികവുകൾ

2017-18, 2021- 22 അധ്യയന വർഷങ്ങളിൽ കോട്ടയം ഈസ്റ്റ് ഉപജില്ലയിലെ ബെസ്റ്റ് സ്കൂൾ അവാർഡ് 2017-18, 2023-24 വർഷങ്ങളെ കോട്ടയം ഈസ്റ്റ് ഉപജില്ലയിൽ സാമൂഹ്യശാസ്ത്രമേള യിൽ ഓവറോൾ ഒന്നാം സ്ഥാനം, തുടർച്ചയായ വർഷങ്ങളിൽ സിഎംഎസ് കോർപ്പറേറ്റ് മാനേജ്മെന്റ് അധ്യാപക അസോസിയേഷന്റെ (MKDTA) മികവ് പുരസ്കാരങ്ങൾ (2016-17, 2017-18, 2018-19, 2022-23, 2023-24, 2024-25), കോട്ടയം നോർത്ത് ഇന്നർ വീൽ ക്ലബ്ബിന്റെ ഹാപ്പി സ്കൂൾ പുരസ് കാരം, സിഎസ് ഐ മധ്യകേരള മഹായിടവക കോട്ടയം ജില്ല Ecology Department-ന്റെ ഹരിത വിദ്യാലയം ഒന്നാം സ്ഥാനം (2022-23), മാതൃഭൂമി സീഡിന്റെ കോട്ടയം റവന്യൂ ജില്ല ഹരിത മുകുളം പ്രത്യേക പുരസ്കാരം(2023-24), മനോരമ നല്ല പാഠം A Grade, പുരസ്കാരം (2024-25), ഉപജില്ല ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളകളിലും വിദ്യാരംഗം കലാസാഹിത്യ വേദി മത്സരങ്ങളിലും കലോത്സവങ്ങളിലും മികച്ച വിജയങ്ങൾ കരസ്ഥമാക്കിയത് അഭിമാനാർഹമായ നേട്ടമാണ വർഷങ്ങളായി അനാദായകരമായിരുന്ന സ് കൂൾ 2021-22 അധ്യയന വർഷം മുതൽ മതിയായ എണ്ണം കുട്ടികളുള്ള സ്കൂൾ എന്ന പദവിയിലേക്ക് ഉയർന്നതും അഭിമാനകരമാണ്. പുതുപ്പള്ളി ഗ്രാമത്തിലെ ജനതതിയെ അറിവിന്റെ വെളിച്ചത്തിലേയ്ക്ക് നയിച്ച ഈ വിദ്യാലയ മുത്തശ്ശി പൊതുവിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തുന്നു.

# അവസ്ഥാ വിശകലനം

## എ) കുട്ടികളുടെ എണ്ണം

**2025–26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം**

| ക്ലാസ്സ് | I | | II | | III | | IV | | Total | | Remarks | Pre-Primary | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | | B | G |
| കുട്ടികളുടെ എണ്ണം | 13 | 6 | 7 | 7 | 10 | 8 | 6 | 7 | 36 | 28 | ഈ വർഷം ഒന്നാം ക്ലാസ്സിൽ കുട്ടികൾ കൂടുതലായി വന്നു ചേർന്നു | 22 | 10 |
| ആകെ | 19 | | 14 | | 18 | | 13 | | 64 | | | 32 | |

കുട്ടികളുടെ മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ ഒരുക്കുന്നതും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയതും കുട്ടികളെ മികവിലേയ്ക്ക് നയിക്കുന്ന പഠന പ്രവർത്തനങ്ങൾ നടത്തുന്നതും കുട്ടികളുടെ ക്രമാനുഗതമായ വർദ്ധനവിന് കാരണമാകുന്നുണ്ട്.

## ബി) അദ്ധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താല്ക്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| എൽ.പി. വിഭാഗം | 4 | 4 | - | 1 |
| പ്രീ പ്രൈമറി | 2 | - | 2 | 2 |

അധ്യാപകർ തങ്ങൾക്കു ലഭിച്ച വിവിധ പരിശീലനങ്ങളെ അടിസ്ഥാനമാക്കി ക്ലാസ്റൂം പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നുണ്ട്. ഐ.സി.റ്റി. സാധ്യതകൾ കണ്ടെത്തി അവ കുട്ടികൾക്ക് പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തി അവരുടെ നിലവാരത്തിനനുസരിച്ച് ക്ലാസ് റൂം പ്രവർത്തനങ്ങൾ ക്രമീകരിക്കാറുണ്ട്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലെല്ലാം അധ്യാപകർ മികവു തെളിയിക്കുന്നുണ്ട്. സബ്ജില്ലാ പ്രവൃത്തി പരിചയ മേളയിൽ മികച്ച വിജയങ്ങളും സാമൂഹ്യശാസ്ത്ര മേളയിൽ ഓവറോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നതും ഇതിന് തെളിവാണ്.

# വിദ്യാലയത്തിന്റെ ശക്തി - പരിമിതികൾ

## 1. വിദ്യാലയത്തിന്റെ ശക്തി (Strengh)

- ❖ അർപ്പണ മനോഭാവമുള്ള അധ്യാപകർ
- ❖ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന രക്ഷിതാക്കൾ
- ❖ സഹായവും പിന്തുണയും നൽകുന്ന ലോക്കൽ മാനേജ്മെന്റ്
- ❖ സ്കൂളിനെ സ്നേഹിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ - അധ്യാപകർ
- ❖ മികച്ച പഠനാന്തരീക്ഷം
- ❖ മനോഹരമായ ക്യാമ്പസ്
- ❖ ഐ.റ്റി. പരിജ്ഞാനമുള്ള അധ്യാപകർ

## 2. പരിമിതികൾ (Weakness)

- ❖ വാഹനസൗകര്യം
- ❖ ഭൗതിക സാഹചര്യങ്ങളുടെ കുറവ്
- ❖ സ്മാർട്ട് ക്ലാസ്റൂമിന്റെ അപര്യാപ്തത

## 3. സാധ്യതകൾ (Oppertunity)

- ❖ വിദ്യാലയ വികസന സമിതിയുടെയും സ്കൂൾ മാനേജ്മെന്റിന്റെയും താല്പര്യം സ്കൂൾ വികസനത്തിന് മുതൽക്കൂട്ടായിരിക്കും.
- ❖ പുരാതനമായ സ്കൂളിനെ സ്നേഹിക്കുന്ന തലമുറയുടെ സാന്നിദ്ധ്യം.

## 4. വെല്ലുവിളികൾ (Threats)

- ❖ അൺ എയ്ഡഡ് സ്കൂളുകൾ നൽകുന്ന ഇംഗ്ലീഷ് വിദ്യാഭ്യാസം മാത്രമാണ് ഏക പോംവഴിയെന്ന സമൂഹത്തിന്റെ ധാരണ.
- ❖ സ്കൂളിന്റെ 3 കിലോമീറ്റർ ചുറ്റളവിൽ പതിനഞ്ചോളം അൺഎയ്ഡഡ് സ്കൂളുകളുടെ സാന്നിദ്ധ്യം.

# വിദ്യാലയത്തിന്റെ ദർശനം

**❍ അച്ചടക്കം ❍ പഠനം ❍ സേവനം**

എല്ലാ വിദ്യാർത്ഥികളുടെയും സമഗ്ര വളർച്ചയ്ക്കുതകുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന മികവിന്റെ കേന്ദ്രം.

**പൊതുലക്ഷ്യങ്ങൾ**

I. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിക്കാനുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.

II. കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയരായ പൗരന്മാരെ വളർത്തിയെടുക്കുക.

III. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പു വരുത്തും.

IV. ഓരോ ഘട്ടത്തിലും കുട്ടി ആർജ്ജിച്ചെടുക്കേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷാകർത്താക്കളടക്കമുള്ള പൊതുസമൂഹത്തെ അറിയിക്കും.

V. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും തുല്യതയുടെ അനുഭവങ്ങളൊരുക്കും.

VI. പ്ലാസ്റ്റിക് രഹിത ഹരിതവിദ്യാലയ ക്യാമ്പസാക്കി സ്കൂളിനെ മാറ്റുക.

VII. ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ സ്കൂളിനെ ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക.

# മലയാളം

**ലക്ഷ്യങ്ങൾ**

1) എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്നു ഉറപ്പാക്കുക.

2) എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.

3) കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.

4) സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5) ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുക.

6) ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.

**പ്രവർത്തനം : പഠനപോഷണപരിപാടി അക്ഷരത്തെളിമ.**

ഉദ്ദേശ്യങ്ങൾ :
- അക്ഷരങ്ങളും ചിഹ്നങ്ങളും കുട്ടികളിൽ ഉറപ്പിക്കുക.
- പുതിയ പദങ്ങൾ കണ്ടെത്തുന്നതിനും വായിക്കുന്നതിനും കഴിവ് വർദ്ധിപ്പിക്കുക.
- അനായാസം ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തിയെടുക്കുക.
- വായന പരിപോഷിപ്പിക്കുക

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| • അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനും വായനയെ പരിപോഷിപ്പിക്കുന്നതിനും നൂതന പദങ്ങൾ കണ്ടെത്തുന്നതിനും കുട്ടികളെ സഹായിക്കുക.<br>• അധ്യാപകർ നൽകുന്ന അക്ഷരത്തെ ആസ്പദമാക്കി കുട്ടികൾ പദശേഖരം നടത്തുന്നു.<br>• കുട്ടികൾ വായിച്ച് കേൾപ്പിക്കുന്നു. അധ്യാപകർ വിലയിരുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | എല്ലാ ക്ലാസ് അധ്യാപകർക്കും | |

# ഒരു കുട്ടി മാഗസിൻ

**ലക്ഷ്യങ്ങൾ**

- കുട്ടികളുടെ സർഗ രചനകളെ പരിപോഷിപ്പിക്കുന്നതിന്
- സർഗാത്മക രചനകൾക്കു പരമാവധി അവസരങ്ങൾ ലഭിക്കുന്നതിന്
- എഴുത്തുകാരൻ, പുസ്തക രചയിതാവ് എന്ന നിലയിലേക്ക് ഉയർത്തി ആത്മവിശ്വാസം നൽകുന്നതിന്.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടു ക്ലാസ്തല പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന (സർഗരചനകൾ), ചിത്രങ്ങൾ, ദിനാചരണ പതിപ്പുകൾ, കവിത, ജീവചരിത്രക്കുറിപ്പ്, വായനാക്കുറിപ്പ്, വിവരണം മുതലായവ ഫെബ്രുവരി മാസത്തിൽ മാതൃഭാഷാ ദിനത്തിൽ പ്രസിദ്ധീകരിക്കുന്നു. | ജൂൺ<br>ഫെബ്രുവരി | HM<br>വിദ്യാരംഭം കൺവീനർ<br>ക്ലാസ് അധ്യാപകർ | |

**പ്രവർത്തനം : ബ്ലോഗ് നിർമ്മാണം**

ഉദ്ദേശ്യങ്ങൾ :
- കുട്ടികളുടെ സർഗരചനകളെയും സ്കൂൾതല പരിപാടികളെയും വിവര സാങ്കേതിക മാധ്യമത്തിലൂടെ പ്രസിദ്ധമാക്കുക.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| കുട്ടികളുടെ സർഗരചനകളെയും സ്കൂൾതല പരിപാടികളെയും പ്രസിദ്ധമാക്കുക. ആസൂത്രണം, അപ്ഡേറ്റ് ചെയ്യുക. | ജൂൺ<br>മാർച്ച് | HM<br>എസ്.ആർ.ജി. കൺവീനർ | |

# ലൈബ്രറി പ്രവർത്തനങ്ങൾ

**ഉദ്ദേശ്യങ്ങൾ**

- ❖ വായിച്ചു വളരുന്നതിനുള്ള സാഹചര്യം ഒരുക്കുക.
- ❖ വായന ഒരു സംസ്ക്കാരമാക്കി മാറ്റുക.
- ❖ ഭാഷാ നൈപുണികൾ വർദ്ധിപ്പിക്കുക
- ❖ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുക.
- ❖ രചനാപരമായ കഴിവുകൾ വളർത്തുക.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| ലൈബ്രറി ക്രമീകരണം ആകർഷകമാക്കൽ കാറ്റഗറി തിരിക്കുന്നു. | മെയ് | ലൈബ്രേറിയൻ<br>എസ്.ആർ.ജി. കൺവീനർ | |
| ലഭ്യമായ പുസ്തകങ്ങളെ ഓരോ ക്ലാസിലേക്കും ക്ലാസ്റൂം പ്രവർത്തനങ്ങൾക്കായുള്ളവ ലിസ്റ്റ് ചെയ്യുന്നു.<br>ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ | മെയ് | ക്ലാസ് അധ്യാപകർ | |
| ക്ലാസ് റൂം പ്രവർത്തനങ്ങൾക്കാവശ്യമായ പുസ്തകം ലഭ്യമാക്കൽ.<br>ജന്മദിന പുസ്തകം | ജൂൺ ആദ്യവാരം<br>വർഷം മുഴുവൻ | H.M. / P.T.A.<br>മാനേജ്മെന്റ്<br>ലൈബ്രേറിയൻ | പ്രാദേശിക സന്നദ്ധ/ സംഘടന പൂർവ്വ വിദ്യാർത്ഥികൾ |
| വായനക്കളരി പത്രം ലഭ്യമാക്കൽ | ജൂൺ | H.M.<br>S.R.G കൺവീനർ | |
| ക്ലാസ് വായനാമൂലക്രമീകരണം<br>ക്ലാസ് ലൈബ്രേറിയൻ<br>ബാല പ്രസിദ്ധീകരണം | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ/ ലീഡർ<br>H.M., S.R.G | വ്യക്തികൾ സ്ഥാപനങ്ങൾ എൽ.എസ്.ജി. |
| വായനാ വാരാചരണം<br>പുസ്തക പ്രദർശനം<br>ഒരു ദിവസം ഒരു അതിഥി<br>വായനാ മത്സരം<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>രചയിതാക്കളുമായി സംവദിക്കൽ<br>വായനമരം, അമ്മ വായന | ജൂൺ 10<br>വർഷം മുഴുവൻ<br>വായനാ മാസാചരണത്തിൽ | ക്ലാസ് ടീച്ചർ | |
| വായനാ പരിപോഷണ പ്രവർത്തനങ്ങൾ<br>പത്രവായന - അസംബ്ലിയിൽ<br>ന്യൂസ് തയ്യാറാക്കൽ<br>വാരാന്ത്യ ക്വിസ്, ഉത്തരപ്പെട്ടി<br>വാരാന്ത്യം സമ്മാനം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ആസ്വാദനക്കുറിപ്പ് പ്രകാശനം - ക്ലാസ് തലം<br>Whats up സപ്ലിമെന്റ് പ്രസിദ്ധീകരിക്കൽ | 3 മാസം കൂടുമ്പോൾ<br>ത്രൈമാസം | കൺവീനർ<br>അധ്യാപകർ<br>H.M. | |

# പ്രവർത്തനം :

## പ്രസിദ്ധീകരണങ്ങൾ വാട്ട്സ് അപ്പ് – ത്രൈമാസിക, സപ്ലിമെന്റ്, സ്കൂൾ മാഗസിൻ

**ഉദ്ദേശ്യങ്ങൾ**

- കുട്ടികളുടെ സർഗ രചനകളെ പരിപോഷിപ്പിക്കുന്നതിന്

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| Whatsup ത്രൈമാസ സപ്ലിമെന്റ് സ്കൂൾ മാഗസിൻ ക്ലാസ്തല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർഗാത്മക രചനകളെയും സ്കൂൾതല പ്രവർത്തനങ്ങളെയും ദ്വൈമാസ സപ്ലിമെന്റിലൂടെയും സ്കൂൾ മാഗസിനിലൂടെയും പ്രസിദ്ധീകരിക്കുന്നു. | ജൂൺ – മാർച്ച് | HM<br>എസ്.ആർ.ജി. കൺവീനർ<br>വിദ്യാരംഗം കലാസാഹിത്യ വേദി കൺവീനർ | |

## കൈയെഴുത്തു മാസിക

**ലക്ഷ്യങ്ങൾ**

- കുട്ടികളുടെ സർഗ രചനകളെ പരിപോഷിപ്പിക്കുന്നതിന്.
- സർഗാത്മക രചനയക്കുള്ള അവസരം സൃഷ്ടിക്കൽ.
- സാഹിത്യാഭിരുചി വളർത്തുക.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| എല്ലാ കുട്ടികളുടെയും സർഗരചനകളിൽ മികച്ച ഒരെണ്ണമെങ്കിലും കൈയ്യെഴുത്തു മാസികയിലൂടെ പ്രസിദ്ധീകരിക്കുക. | ജനുവരിയിൽ പ്രസിദ്ധീകരണം | വിദ്യാരംഗം കൺവീനർ | |

# ENGLISH

**ലക്ഷ്യങ്ങൾ**

(1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

(2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുക.

(3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

(4) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിനു പ്രയോജന പ്പെടുത്തുക

(5) നാടകീകരണം.

(6) കവിതാലാപനം.

**പ്രവർത്തനം : കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ**

**ഉദ്ദേശ്യങ്ങൾ** : ഇംഗ്ലീഷ് പഠനം അനായാസമാക്കുക

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ ഒന്നാം ക്ലാസ്സുമുതൽ<br>4-ാം ക്ലാസ്സ് വരെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി<br>പഠനക്ലാസ് എല്ലാ ആഴ്ചയിലും | ജൂൺ - മാർച്ച്<br>എല്ലാ ആഴ്ചയും | H.M.<br>എസ്.ആർ.ജി.<br>കൺവീനർ<br>ബി.ആർ.സി. | |

**പ്രവർത്തനം : English Fest**

**ഉദ്ദേശ്യങ്ങൾ** : To develop the leadership quality & organising skills.

To familiarize the children the different activities.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| • Story Telling<br>• Rhymes<br>• Recitation<br>• English Talk<br>• Skit തുടങ്ങിയവ English Fest-ൽ അവതരിപ്പിക്കുന്നു. | മാസത്തിലൊരിക്കൽ | H.M.<br>ടീച്ചേഴ്സ് | |

**പ്രവർത്തനം :** English Day

ഉദ്ദേശ്യങ്ങൾ : To develop the various skills in each student

To enjoy different discourse activities.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| • സ്കൂൾ അസംബ്ലി മുതൽ എല്ലാ പ്രവർത്തനങ്ങളിലും ഇംഗ്ലീഷ് എന്ന ഭാഷയുടെ പ്രാധാന്യം.<br>• റീഡിംഗ് കോർണറിൽ അന്നേ ദിവസം ഇംഗ്ലീഷ് ബുക്ക് Available ആക്കുക.<br>• Library-യിൽ നിന്ന് ഇംഗ്ലീഷ് ബുക്ക്സ് നൽകുന്നു. | മാസത്തിലൊരിക്കൽ | H.M.<br>ടീച്ചേഴ്സ് | |

**പ്രവർത്തനം :** Choreography

**ഉദ്ദേശ്യങ്ങൾ :** ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

(to identify the theme of the song and to communicate to the viewers).

- കുട്ടികളുടെ സഭാകമ്പം കുറയ്ക്കുക
- കുട്ടികളുടെ ആത്മവിശ്വാസം കൂട്ടുക
- Best Performer-നെ കണ്ടെത്തുക

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| ● 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ English test-ൽ ഉള്ള Poems class teachers-ന്റെ സഹായത്തോടെ Choreography ചെയ്ത് സർഗവേളയിൽ അവതരണം.<br>● English day-ൽ അവതരണം | ജൂൺ-മാർച്ച് | ടീച്ചേഴ്സ് | |

**പ്രവർത്തനം :** **Film Show**

**ഉദ്ദേശ്യങ്ങൾ :**

- ♦ To develop listening skill in English language.
- ♦ To enrich the vocabulary.
- ♦ To learn variety of language elements.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| ● LCD Projector ഉപയോഗിച്ച് കുട്ടികളുടെ English Stories<br>● Rhymes, English News<br>● Documentation<br>● Short Films<br>● Kids Films<br>എന്നിവ പ്രദർശിപ്പിക്കുന്നു. | എല്ലാ വെള്ളിയാഴ്ചയും 1 മുതൽ 2 വരെ | ടീച്ചേഴ്സ് കുട്ടികൾ | |

**പ്രവർത്തനം :** Spelling Bee Contest

ഉദ്ദേശ്യങ്ങൾ : To enrich vocabulary to memorise stock words.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| • ഓരോ യൂണിറ്റും കഴിയുമ്പോൾ വാക്കുകളുടെ Spelling Correct നടത്തുന്നു.<br>• ഏറ്റവും കൂടുതൽ Spelling Correct ആയ കുട്ടിയെ Spelling Bee ആയി തിരഞ്ഞെടുക്കുന്നു.<br>• ഏറ്റവും കൂടുതൽ Spelling Bee ആയ കുട്ടിയെ Spelling Bee of the year ആക്കുന്നു. | എല്ലാ മാസവും | | |

**പ്രവർത്തനം : My English World**

**ഉദ്ദേശ്യങ്ങൾ** :
- ♦ To enrich the vocabulary.
- ♦ To activate stock words
- ♦ To describe events and pictures using appropriate vocabulary.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| • Vocabulary മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം<br>• Making glossary from each unit<br>• World chains<br>• Making maximum words from a word.<br>• Puzzles<br>• Writing maximum words using each letters (A to Z) from a unit.<br>• 'My English World' book for each students.<br>• Memmory test. | ജൂൺ-മാർച്ച് | ടീച്ചേഴ്സ് | |

# ഗണിതം

**പ്രവർത്തനം :** **ഗണിതം-ലളിതം, രസകരം**

**ഉദ്ദേശ്യങ്ങൾ**

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഓരോ കുട്ടിക്കും ഒരു ഗണിതകിറ്റ് | • മാല കോർക്കൽ<br>• 10, 5 ഈർക്കിൽ കെട്ട്<br>• ഓരോ കുട്ടിക്കും നമ്പർ കാർഡുകൾ<br>• തടിയിൽ നിർമ്മിച്ച ജ്യാമതീയ രൂപങ്ങളുടെ നിർമ്മാണം<br>• അളവു പാത്രങ്ങൾ, സ്കെയിൽ (നിർമ്മാണം)<br>• ഓരോ കുട്ടിക്കും 1-10 വരെ നേപ്പിയർ സ്ട്രിപ്പ് നിർമ്മാണം (ഗുണനം എളുപ്പമാക്കാൻ) | (ദീർഘകാലം) | ക്ലാസ്സ് ടീച്ചേഴ്സ് |
| ഗണിത ബോർഡിൽ ചതുഷ് ക്രിയകൾ | • ഗണിത ബോർഡ് നിർമ്മാണം<br>• സ്ഥാനവില തിരിച്ചറിയൽ<br>• രൂപങ്ങൾ, ഭിന്നങ്ങൾ, പാറ്റേണുകൾ<br>• ചതുഷ്ക്രിയകളുടെ | (ദീർഘകാലം) | ഗണിത ക്ലബ് |
| ദിനാചരണങ്ങൾ | • രാമാനുജ ദിനാചരണം<br>• ഗണിത ശാസ്ത്രദിനം | | ക്ലബ് |
| ഗണിത മാഗസിൻ | • ഒരു കുട്ടിക്കൊരു ഗണിത മാഗസിൻ<br>(രൂപങ്ങൾ, പസിൽ, പാറ്റേൺ ചിത്രങ്ങൾ, കുസൃതി കണക്കുകൾ<br>• ഗണിത ശാസ്ത്രദിനം | | ക്ലാസ്സ് ടീച്ചേഴ്സ് |

**ഗണിതം**

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഒറിഗാമി | • വർണ്ണക്കടലാസിൽ ഒറിഗാമി നിർമ്മാണം<br>• നിശ്ചിത അളവുകൾ അനുസരിച്ച് ഒറിഗാമി | | ക്ലബ്ബ് |
| ടാൻഗ്രാം | • ജ്യാമതീയ രൂപങ്ങൾ<br>• വിവിധ രൂപങ്ങൾ<br>• മത്സരം | | ക്ലബ്ബ് |
| ഗണിത കേളികൾ | • കമ്പ്യൂട്ടർ ഗണിത കേളികൾ<br>• കമ്പ്യൂട്ടറിൽ ഗണിത രൂപങ്ങൾ, ചിത്രരചന | | ക്ലബ്ബ് |
| ഗണിത ക്വിസ് | • ആഴ്ചയിലൊരിക്കൽ ഗണിത ക്വിസ് | | ക്ലബ്ബ് |

# പരിസര പഠനം

**ലക്ഷ്യങ്ങൾ**

1) ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക.
2) ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
3) ജനാധിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുക്കുക.
4) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പരിസര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

**പ്രവർത്തനം : ദിനാചരണങ്ങൾ**

**ഉദ്ദേശ്യം** : ദിനങ്ങളുടെ പ്രാധാന്യവും ആവശ്യകതയും ബോധ്യപ്പെടുത്തുക.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| പരിസ്ഥിതി ദിനം | വൃക്ഷത്തൈ നടുന്നു. ഔഷധതോട്ട നിർമ്മാണ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു. പരിസ്ഥിതി ബോധവത്ക്കരണം | ജൂൺ | SRG കൺവീനർ H.M. | |
| വായനാദിനം വാരാചരണം | ലൈബ്രറി പുസ്തകങ്ങൾ പ്രദർശനം സാഹിത കാരന്മാർ - ചിത്രപ്രദർശനം, ക്വിസ്, വായനാ മത്സരം, പ്രാദേശിക ലൈബ്രറി ഉദ്ഘാടനം | ജൂൺ | വിദ്യാരംഗം കലാ സാഹിത്യവേദി കൺവീനർ | |
| ലോകപിതൃദിനം | പിതാക്കന്മാരെ ആദരിക്കൽ | ജൂൺ | H.M. ടീച്ചേഴ്സ് | |
| ചാന്ദ്രദിനം | ചാന്ദ്രഗാനാലാപനം, ചാന്ദ്രദിനക്വിസ് മത്സരം, പ്രദർശനം | | ശാസ്ത്ര ക്ലബ് കൺവീനർ | |
| ലോകജനസംഖ്യാ ദിനം | ബോധവൽക്കരണം | ജൂലൈ | അധ്യാപിക പ്രതിനിധി | |
| ലോക നാട്ടറിവു ദിനം | പ്രദർശനം | ആഗസ്റ്റ് | H.M. ടീച്ചേഴ്സ് | |
| സ്വാതന്ത്ര്യദിനം | പതാക ഉയർത്തൽ, റാലി, പതാക നിർമ്മാണം, പതിപ്പ് തയ്യാറാക്കൽ, മധുര പലഹാര വിതരണം, ദേശഭക്തി ഗാനാലാപനം, സ്വാതന്ത്ര്യ സമര സേനാനികൾ ചിത്ര പ്രദർശനം, പതിപ്പ് തയ്യാറാക്കൽ | ആഗസ്റ്റ് | H.M. P.T.A. സ്റ്റാഫ് സെക്രട്ടറി SRG | |

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| ഹിരോഷിമ നാഗാസാക്കി ദിനം | പ്രദർശനം ബോധവത്ക്കരണം | ആഗസ്റ്റ് | ശാസ്ത്ര ക്ലബ് കൺവീനർ | |
| ഓണാഘോഷം | ഓണക്കളികൾ, അത്തപ്പൂക്കളം, ഓണപ്പാട്ടുകൾ, ഓണസദ്യ, പായസം | ആഗസ്റ്റ് | അധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ | |
| ഗാന്ധിജയന്തി | ഗാന്ധിജി അനുസ്മരണം, ശുചീകരണ വാരാഘോഷം, പതിപ്പ് തയ്യാറാക്കൽ, ക്വിസ് | ഒക്ടോബർ | അധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ | |
| ലോക വൃദ്ധദിനം | മുതിർന്നവരെ ആദരിക്കൽ | ഒക്ടോബർ | H.M. ടീച്ചേഴ്സ് | |
| ലോകബഹിരാകാശ വാരാഘോഷം | പ്രദർശനം, ക്വിസ് മത്സരം, ചിത്രരചന പോസ്റ്റർ നിർമ്മാണം മോഡൽ നിർമ്മാണം പഠനയാത്ര | ഒക്ടോബർ | H.M. ശാസ്ത്ര ക്ലബ് കൺവീനർ | |
| ശിശുദിനം | ശിശുദിനറാലി, ക്വിസ് മധുരപലഹാര വിതരണം പതിപ്പ് | നവംബർ | അധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ | |
| ക്രിസ്മസ് ആഘോഷം | കരോൾഗാനം, കേക്ക് വിതരണം, ക്രിസ്മസ് ട്രീ നിർമ്മാണം | ഡിസംബർ | അധ്യാപകർ, എസ്.ഡി.സി. പി.റ്റി.എ. അംഗങ്ങൾ | |
| റിപ്പബ്ലിക്ക് ദിനം | ക്വിസ് മത്സരം, പോസ്റ്റർ നിർമ്മാണം, പതിപ്പ് നിർമ്മാണം | ജനുവരി | അധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ | |
| ലോകമാതൃഭാഷാ | മാതൃഭാഷാമഹത്വം പ്രാധാന്യം ഇവ വിളിച്ചോതുന്ന ക്വിസ്, പോസ്റ്റർ, കഥ കവിത അവതരണം, ദിന ത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു, മാഗസിൻ പ്രകാശനം | ഫെബ്രുവരി | അധ്യാപകർ | |
| ദേശീയ ശാസ്ത്രദിനം | ശാസ്ത്രദിനം - ബോധവത്ക്കരണം ക്വിസ് മത്സരം | ഫെബ്രുവരി | ശാസ്ത്ര ക്ലബ് കൺവീനർ | |
| സ്കൂൾ വാർഷികം | കുട്ടികളുടെ കലാപരിപാടികൾ, സമ്മാനവിതരണം, എൻഡോവ്മെന്റ് വിതരണം | മാർച്ച് | എച്ച്.എം. അധ്യാപകർ എസ്.ഡി.സി എസ്.എസ്.ജി | |

**പ്രവർത്തനം : സ്കൂൾ അസംബ്ലി**

**ഉദ്ദേശ്യം** : ചിട്ടയായി കാര്യങ്ങളുടെ അവതരണം, കുട്ടികൾ സഭാകമ്പം കൂടാതെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| അസംബ്ലി | എല്ലാ ദിവസവും രാവിലെ സ്കൂൾ അസംബ്ലി. ഓരോ ദിവസവും ഓരോ ക്ലാസ്സുകാർക്ക് നേതൃത്വം, ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. പ്രാർത്ഥന, പ്രതിജ്ഞ വാർത്ത, പരസ്യം, പ്രസംഗം ഇന്നത്തെ ചിന്താവിഷയം, പതിപ്പ്, മാഗസിൻ പ്രകാശനം അറിയിപ്പു കൾ, ഉത്തരപ്പെട്ടി, വരാന്ത്യ ക്വിസ്, സമ്മാന വിതരണം, കലാപരിപാടി അവ തരിപ്പിക്കൽ എന്നിവയാണ് അസംബ്ലി യിലെ പ്രധാന പരിപാടികൾ. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ | |

**പ്രവർത്തനം : ഉത്തരപ്പെട്ടി**

**ഉദ്ദേശ്യം** : പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| ഓരോ ആഴ്ചയിലും പൊതുവിജ്ഞാനത്തെ അടിസ്ഥാന മാക്കി നൽകുന്ന കുട്ടികൾ ഉത്തരപ്പെട്ടിയിൽ ഉത്തരങ്ങൾ നിക്ഷേപിക്കുന്നു. ശരിയുത്തരം നിക്ഷേപിക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നു. സമ്മാനങ്ങൾ നൽകുന്നു. | ജൂൺ - മാർച്ച് | എസ്.ആർ.ജി. കൺവീനർ | |

**പ്രവർത്തനം : വാരാന്ത്യക്വിസ്, കുട്ടികളുടെ വൈജ്ഞാനിക വികാസം സാധ്യമാക്കുന്നതിന്**

**ഉദ്ദേശ്യം** : കുട്ടികളുടെ വൈജ്ഞാനിക വികാസം സാധ്യമാക്കുന്നതിന്

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| ഓരോ ആഴ്ചയിലും പൊതുവിജ്ഞാനത്തെയും പത്ര ത്തെയും ആധാരമാക്കി ചോദ്യങ്ങൾ നൽകുന്നു. അവ യിൽനിന്നും ക്വിസ് മത്സരം നടത്തി മികച്ച വിദ്യാർത്ഥി കൾക്ക് സമ്മാനങ്ങൾ നൽകുന്നു. | ജൂൺ - മാർച്ച് | സ്റ്റാഫ് സെക്രട്ടറി | |

**പ്രവർത്തനം : പഠനയാത്ര**

**ഉദ്ദേശ്യം** : കുട്ടികൾ കണ്ടും കേട്ടും പഠിക്കുന്നതിന്

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| പഠനയാത്ര ഫീൽഡ് ട്രിപ്പ് | പഠനയാത്ര, ഫീൽഡ് ട്രിപ്പ് ആസൂത്രണം ചെയ്യൽ നടപ്പിൽ വരുത്തൽ | ജനുവരി - ഫെബ്രുവരി | H.M. ടീച്ചേഴ്സ് പി.റ്റി.എ. | പി.റ്റി.എ. |

പ്രവർത്തനം : ക്ലബ് പ്രവർത്തനം

ഉദ്ദേശ്യം :
- ❖ കുട്ടികളെ സാമൂഹ്യവൽക്കരിക്കുക
- ❖ നേതൃത്വ ഗുണ വളർത്തുക
- ❖ മണ്ണിനെയും പ്രകൃതിയെയും അറിഞ്ഞു വളരുന്നതിന്
- ❖ ശുചിത്വ ആരോഗ്യ സുരക്ഷിതത്വബോധം കുട്ടികളിൽ വളർത്തുക
- ❖ ഗണിതത്തോട് ആഭിമുഖ്യം വളർത്തുക

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| ക്ലബ്ബുകളുടെ ക്രമീകരണം | സാമൂഹ്യശാസ്ത്ര ഗണിത ശാസ്ത്ര സുരക്ഷാ ക്ലബ്ബ്, ഹെൽത്ത്ക്ലബ്ബ് ഇവ രൂപീകരിക്കുന്നു കമ്മിറ്റി രൂപീകരിക്കുന്നു | ജൂൺ | കൺവീനർമാർക്ക് | |
| ഗണിതക്ലബ്ബ് | അടിസ്ഥാന ഗണിത ശേഷികൾ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ, ഗണിതക്വിസ്, ഗണിതമാഗസിൻ, മെട്രിക് അളവുകൾ പരിചയപ്പെടൽ, ദിനാചരണം, പതിപ്പുകൾ ഗണിതരൂപങ്ങൾ നിർമ്മാണം | ജൂൺ - മാർച്ച് | ക്ലബ്ബ് അംഗങ്ങൾ, കൺവീനർ | |
| സാമൂഹ്യശാസ്ത്ര ക്ലബ്ബ്, കാർഷിക ക്ലബ്ബ് | ദിനാചരണങ്ങൾ, പതിപ്പുകൾ, ക്വിസ് മത്സരങ്ങൾ, പച്ചക്കറിത്തോട്ടം, പ്രവർത്തനങ്ങൾ ബോധവത്ക്കരണ ക്ലാസ്സുകൾ | ജൂൺ - മാർച്ച് ഡിസംബർ | ക്ലബ്ബ് അംഗങ്ങൾ | |
| സയൻസ്/പരിസ്ഥിതി ക്ലബ്ബ് | പതിപ്പ് നിർമ്മാണം, ശാസ്ത്രജ്ഞന്മാരെ പരിചയ പ്പെടുത്തൽ | ജൂൺ - മാർച്ച് | കൺവീനർ ക്ലബ്ബ് അംഗങ്ങൾ | |
| ലഹരി വിമുക്ത ക്ലബ്ബ് | ബോധവത്ക്കരണ ക്ലാസ്സ് പതിപ്പുകൾ, പോസ്റ്ററുകൾ, പുകയില വിരുദ്ധ പ്രതിജ്ഞ | ജൂൺ - മാർച്ച് | കൺവീനർ ക്ലബ്ബ് അംഗങ്ങൾ | |
| ശുചിത്വ ക്ലബ്ബ് | പകർച്ചവ്യാധി പ്രതിജ്ഞ ഡ്രൈ ഡേ ആചരണം, പതിപ്പ്, പോസ്റ്റർ, ശുചിത്വറാലി, പരിസരശുചീക രണം വ്യക്തിശുചിത്വം ബോധവൽക്കരണക്ലാസ്സ് | ജൂൺ - മാർച്ച് | കൺവീനർ ക്ലബ്ബ് അംഗങ്ങൾ | |
| ഹെൽത്ത് ക്ലബ്ബ് | മഴക്കാലരോഗങ്ങൾ പ്രതിവിധികൾ, ബോധവൽക്കരണ ക്ലാസ്സ്, ആരോഗ്യ പരിപാലനത്തിൽ വ്യായാമത്തിനുള്ള പങ്ക്, പകർച്ച വ്യാധികളെക്കുറിച്ചും അത് എങ്ങനെ തടയാം പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കേണ്ടതിന്റെ ആവശ്യകത (ബോധവൽക്കരണ ക്ലാസ്സ്), വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം, ശുചിത്വ ശീലങ്ങൾ, വേനൽക്കാല രോഗങ്ങളും അവയുടെ പ്രതിവിധികളും, പതിപ്പ്, പോസ്റ്റർ. | ജൂൺ - മാർച്ച് | കൺവീനർ ക്ലബ്ബ് അംഗങ്ങൾ | |

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| സുരക്ഷാ ക്ലബ്ബ് | സുരക്ഷാ കോർണറിൽ മുന്നറിയിപ്പുകൾ പതി ക്കൽ, സുരക്ഷയുമായി ബന്ധപ്പെട്ട സി.ഡി. പ്രദർശനം, പതിപ്പുകൾ പോസ്റ്ററുകൾ, വിനോദ യാത്രയുമായി ബന്ധപ്പെട്ട സുരക്ഷാ നിർദ്ദേശങ്ങൾ സുരക്ഷാ ക്രമീകരണങ്ങൾ First Aid box -ൽ medicine ക്രമീകരണം, കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ് | ജൂൺ - മാർച്ച് | ക്ലബ്ബ് അംഗങ്ങൾ, കൺവീനർ | |
| വർക്ക് എക്സ് പീരിയൻസ് ക്ലബ്ബ് | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ, പേപ്പർ, കയർ, കാർഡ് ബോർഡ്, മെറ്റൽ ഷീറ്റ്, മുത്ത്, പനയോല, മുള തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തുക്കളുടെ നിർമ്മാണം പഠിപ്പിക്കൽ | ജൂൺ - മാർച്ച് | കൺവീനർ ക്ലബ് അംഗങ്ങൾ | |
| വിദ്യാരംഗം കലാ സാഹിത്യ വേദി | കുട്ടികളിലെ സാഹിത്യാഭിരുചി വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ. എല്ലാ വെള്ളിയാഴ്ചയും കലാസാഹിത്യ വേദിയിൽ കുട്ടികളുടെ കലാസഹിത്യ പരിപാടികൾ | ജൂൺ - മാർച്ച് | കൺവീനർ ക്ലബ് അംഗങ്ങൾ | |

## പ്രവൃത്തി പരിചയം

### ലക്ഷ്യങ്ങൾ

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2 പാഴ്‌വസ്തുക്കളിൽനിന്നു പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയപഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക

## കലാ പരിശീലനം

### ലക്ഷ്യങ്ങൾ

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടികളുടെയും സിവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.

## ആരോഗ്യകായിക വിദ്യാഭ്യാസം

### ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
2. ആരോഗ്യ ശീലങ്ങൾ വളർത്തുക.
3. ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനു പ്രയോജനപ്പെടുത്തുക.

**പ്രവർത്തനം : ബോധവത്ക്കരണ ക്ലാസ്സുകൾ**

**ഉദ്ദേശ്യം** : സ്കൂൾ വികസന ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് കുട്ടിയും രക്ഷിതാവും തമ്മിലുള്ള ബന്ധം ദൃഢമാക്കുന്നിതിന്.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| കൗൺസിലിംഗ് ക്ലാസ്സ് | കുട്ടിയ്ക്കും രക്ഷിതാവിനും ബോധവൽക്കരണ ക്ലാസ് | സെപ്റ്റംബർ | അധ്യാപകർ | |
| ആരോഗ്യ ക്ലാസ്സ് | കുട്ടിയ്ക്കും രക്ഷിതാവിനും ബോധവൽക്കരണ ക്ലാസ് | ജൂലൈ | അധ്യാപകർ | |
| സ്കൂൾ വികസനം | രക്ഷിതാവിന് ബാധവൽക്കരണ ക്ലാസ് | ഫെബ്രുവരി | അധ്യാപകർ | |

**പ്രവർത്തനം : സ്കൂൾ വാർഷികം**

**ഉദ്ദേശ്യം** : കുട്ടികളുടെ കഴിവിനെ അംഗീകരിക്കാനും ആദരിക്കാനും. ഒരു വർഷത്തെ സ്കൂൾ മികവ് സമൂഹവുമായി പങ്കുവയ്ക്കുന്നതിന്

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| സ്കൂൾ വാർഷികം | കുട്ടികളുടെ കലാപരിപാടികൾ, ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കൽ, പ്രവർത്തനങ്ങ വിലയിരുത്തൽ | മാർച്ച് | H.M.<br>അധ്യാപകർ<br>P.T.A.<br>M.P.T.A.<br>S.R.G<br>S.D.C | |

**പ്രവർത്തനം : ടാലന്റ് ലാബ്**

**ഉദ്ദേശ്യം** :
1. കുട്ടികളുടെ നൈസർഗികമായ കലാ കായിക പ്രവൃത്തി പരിചയ നൈപുണികളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും.
2. വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികളുടെയും കലാ കായിക പ്രവൃത്തി പരിചയ മേഖലകളിലെ കഴിവുകൾ വികസിപ്പിക്കുക.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| വിവിധ പ്രവർത്തനങ്ങളിലൂടെ കലാകായിക കഴിവുകൾ ഉള്ള കുട്ടികളെ കണ്ടെത്തി കഴിവിനനുസരിച്ച് പരിശീലനം കൊടുക്കുന്നു. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരെ സബ്ജില്ലാ തലത്തിൽ പങ്കെടുപ്പിക്കുന്നു. അംഗീകാരം നേടിയവരെ അഭിനന്ദിക്കുന്നു | ജൂൺ - ഡിസംബർ | കൺവീനർ<br>എല്ലാ അധ്യാപകരും | |
| കലാ ക്യാമ്പുകൾ<br>സ്കൂൾതലപ്രവൃത്തി പരിചയമേള<br>നാടൻപാട്ട് പരിശീലനം<br>ജൂനിയർ എൻ.ബി.എ. ബാസ്ക്കറ്റ് ബോൾ കോച്ചിംഗ്<br>പാഠഭാഗവുമായി ബന്ധപ്പെട്ട് നാടകം, സംഗീത ശില്പം,<br>ചിത്രീകരണം, നിർമ്മാണ പ്രവർത്തനങ്ങൾ,<br>സ്കൂൾതല ചിത്രരചന ക്യാമ്പ്,<br>കായിക പരിശീലനം എല്ലാ ക്ലാസ്സുകാർക്കും<br>കിഡ്സ് അത്‌ലറ്റിക്സ്<br>കോർണർ പി.റ്റി.എയിൽ കുട്ടികളുടെ കലാസന്ധ്യ | ടേമിൽ ഒന്ന്<br>ഒന്നാം ടേം വർഷത്തിൽ ഒരു തവണ<br>എല്ലാ ആഴ്ചയിലും<br>വർഷത്തിൽ ഒന്ന്<br>എല്ലാ ആഴ്ചയിലും<br>വർഷത്തിൽ ഒരു തവണ | | |

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിശീലന പരിപാടി

### ലക്ഷ്യങ്ങൾ

1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക.
2. സർഗാത്മകമായ കഴിവുകൾ കണ്ടെത്താനും പരിപോഷിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
3. ആധുനിക സാങ്കേതിക വിദ്യയിൽ പിന്നിലാവാതിരിക്കാൻ കുട്ടികൾക്കും രക്ഷിതാക്കൾക്കും അനുരൂപീകരിച്ച കമ്പ്യൂട്ടർ പരിശാലനം.
4. അനുരൂപീകരിച്ച പ്രവർത്തനങ്ങൾ നൽകി പ്രത്യേക പരിശീലനം.
5. പല വിധത്തിലുള്ള പ്രതിഭാശാലികളായ കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുക.

## പ്രതിഭാപോഷണ പരിപാടികൾ

**പ്രവർത്തനം : സ്കോളർഷിപ്പ് പരീക്ഷകൾ**

**ഉദ്ദേശ്യം** : കൂടുതൽ മികവു പ്രകടിപ്പിക്കുന്നതിന്

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച കുട്ടികളെ തെരഞ്ഞെടുക്കുന്നു. അധിക പഠനത്തിനുള്ള അവസരം ഒരുക്കുന്നു. | ജൂൺ – ഫെബ്രുവരി | H.M.<br>എസ്.ആർ.ജി. കൺവീനർ | |

**പ്രവർത്തനം : ബ്ലോഗ് നിർമ്മാണം**

**ഉദ്ദേശ്യങ്ങൾ** : കുട്ടികളുടെ സർഗ രചനകളെയും സ്കൂൾതല പരിപാടികളെയും വിവര സാങ്കേതിക മാധ്യമത്തിലൂടെ പ്രസിദ്ധമാക്കുക.

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| കുട്ടികളുടെ സർഗരചനകളെയും സ്കൂൾതല പരിപാടികളെയും പ്രസിദ്ധമാക്കുക ആസൂത്രണം, ഉദ്ഘാടനം അപ്ടേറ്റ് ചെയ്യുക | ജൂൺ – മാർച്ച് | എല്ലാ അധ്യാപകരും | |

# അക്കാദമികം

**പ്രവർത്തനം : എസ്. ആർ. ജി.**

**ഉദ്ദേശ്യങ്ങൾ** :
- ❖ ക്ലാസ് റൂം പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിന്
- ❖ ഫലപ്രദമായ കൈത്താങ്ങുകൾക്ക്
- ❖ മികവുകൾ ഷെയർ ചെയ്യുന്നതിന്
- ❖ പോരായ്മകൾ പരിഹരിക്കുന്നതിന്

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| എസ്.ആർ.ജി. പ്രവേശനോത്സവം പ്ലാനിംങ്ങ് | നവാഗതരെ സ്വീകരിക്കൽ, പൊതുജന പങ്കാളിത്വം, രക്ഷിതാക്കളുടെ പങ്കാളിത്വം ഇവ ചർച്ച തീരുമാനം | മെയ് രണ്ടാം വാരം | എസ്.ആർ.ജി. കൺവീനർ |
| ക്ലാസ്റൂം പ്രവർത്തനങ്ങൾ | കുട്ടികളുടെ നിലനിർണയം നടത്തുന്നതിനാവശ്യമായ ടൂൾ നിർമ്മാണം മുന്നൊരുക്ക പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. | മെയ് അവസാന വാരം | എസ്.ആർ.ജി. കൺവീനർ |
| പ്രവേശനോത്സവ വിലയിരുത്തൽ | മികവുകൾ/പോരായ്മകൾ ചർച്ച<br>പരിസ്ഥിതി ദിനാഘോഷം പ്ലാനിംഗ്<br>വൃക്ഷത്തൈനടൽ, കാർഷിക ക്ലബ്ബ് ഉദ്ഘാടനം | ജൂൺ 1<br>ജൂൺ 5 | |
| ക്ലാസ്റൂം പ്രവർത്തനങ്ങൾ വായനാവാരം | വായനാദിനം, വാരാചരണം നടത്തിപ്പ്<br>പരിസ്ഥിതി ദിനാഘോഷ അവലോകനം | ജൂൺ 18 | എസ്.ആർ.ജി. കൺവീനർ |
| ക്ലാസ്റൂം പ്രവർത്തനങ്ങൾ | ഓരോ ക്ലാസ്സിലെയും റിഫ്ളക്ടീവ് നോട്ട് വിലയിരുത്തൽ., സി.ഇ. വിലയിരുത്തൽ പോർട്ട് ഫോളിയോ അവലോകനം, യൂണിറ്റ് വിലയിരുത്തൽ | ജൂൺ 25 | എസ്.ആർ.ജി. കൺവീനർ |
| ക്ലാസ്റൂം പ്രവർത്തനങ്ങൾ | ക്ലാസ്റൂം പ്രവർത്തനങ്ങൾ ചർച്ച<br>ദിനാചരണം, പ്ലാനിംഗ്, Eng പരിപോഷണം<br>CWSN അനുരൂപീകരണം<br>പോർട്ട് ഫോളിയോ അവലോകനം<br>യൂണിറ്റ് വിലയിരുത്തൽ<br>സി.ഇ. വിലയിരുത്തൽ<br>റ്റി.ഇ. വിലയിരുത്തൽ<br>പഠന പിന്നോക്കാവസ്ഥ ചർച്ച<br>മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച്<br>എല്ലാ മാസത്തിലും<br>അവസാന വ്യാഴാഴ്ച | എസ്.ആർ.ജി. കൺവീനർ |

# സാമൂഹിക പങ്കാളിത്തം

**പ്രവർത്തനം : പി.ടി.എ. ശാക്തീകരണം**

**ഉദ്ദേശ്യങ്ങൾ** :
- ❖ സ്കൂൾ പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിന്
- ❖ സ്കൂളിനെ സാമൂഹ്യവത്ക്കരിക്കുന്നതിന്

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| പി.ടി.എ. മീറ്റിംഗ് | ചർച്ച എങ്ങനെ നടത്താം | ജൂൺ | P.T.A. കൺവീനർ | |
| പ്രവേശനോത്സവം | വിലയിരുത്തൽ | | | |
| ദിനാചരണങ്ങൾ | അവലോകനം | | | |
| മൂല്യനിർണയ പ്രവർത്തനങ്ങൾ | സ്കൂൾ പ്രവർത്തനങ്ങൾ | | | |
| വാർഷികം | വിലയിരുത്തൽ, വാർഷികം | മാർച്ച് | P.T.A. കൺവീനർ | |
| ബോധവൽക്കരണ ക്ലാസ് | ബോധവൽക്കരണക്ലാസ്, ആസൂത്രണം | ജൂലൈ | P.T.A. കൺവീനർ | |
| പി.ടി.എ. അംഗ ങ്ങൾക്ക് പരിശീലനം | നടത്തിപ്പ് വിലയിരുത്തൽ ബി.ആർ.സി.യുടെ നേതൃത്വത്തിൽ | ആഗസ്റ്റ് | S.S.A. | |

**പ്രവർത്തനം : സി.പി.ടി.എ. ശാക്തീകരണം**

**ഉദ്ദേശ്യങ്ങൾ** :
- ❖ ക്ലാസ് റൂം പ്രവർത്തനങ്ങൾ രക്ഷിതാക്കളുമായി പങ്കുവയ്ക്കുന്നതിന്.
- ❖ മികവുകൾ കണ്ടെത്തുന്നതിന്.
- ❖ പോരായ്മകൾ പരിഹരിക്കുന്നതിന്

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|
| വാർഷിക പരീക്ഷയുടെ ഉത്തര ക്കടലാസിന്റെ അവലോകനം | ക്ലാസ് പി.ടി.എ. | 1 ദിവസം | ക്ലാസ് ടീച്ചർ | |
| ലൈബ്രറി പുസ്തകത്തിന്റെ വിതരണം | | ഏപ്രിൽ രണ്ടാംവാരം | | |
| ഓരോ കുട്ടിക്കും വായനാ ക്കുറിപ്പ് | | ഏപ്രിൽ രണ്ടാംവാരം | | |
| ശേഖരണ വിലയിരുത്തൽ റിസൾട്ട് | വിലയിരുത്തൽ ചർച്ച എങ്ങനെ നടത്താം എന്ന് | മെയ് ആദ്യവാരം | ക്ലാസ് ടീച്ചർ | |
| പ്രവേശനോത്സവം തയ്യാറെടുപ്പ് | | മെയ് അവ സാന വാരം | അധ്യാപകർ | |
| സ്കൂൾ ശുചീകരണം പ്രവേശനോത്സവം | SSK യുടെ നിർദ്ദേശം | ജൂൺ ആദ്യ വാരം | | |
| ബോധവത്ക്കരണ ക്ലാസ് | ക്ലാസ്റൂം പ്രവർത്തനങ്ങൾ | ജൂലൈ | അധ്യാപകർ | |
| റ്റി.എൽ.എം. നിർമ്മാണം | ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് യോജിച്ചത് | ജൂലൈ | അധ്യാപകർ | |
| പഠന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ പ്രദർശനം | കുട്ടികളുടെ ഉല്പന്നങ്ങളു പ്രദർശനം | എല്ലാ മാസ ത്തിലും അവ സാനത്തെ വെള്ളി | ക്ലാസ് ടീച്ചർ | |
| പോർട്ട് ഫോളിയോ വിലയിരുത്തൽ | | | | |

# അമ്മക്കിളിക്കൂട്

## മാതൃശാക്തീകരണ പരിപാടി

- പഠനത്തിൽ മാതാവിന്റെ പങ്ക് വളരെ വലുതാണ്.
- ഒരു മികച്ച അമ്മയ്ക്കു മാത്രമേ കുട്ടിയെ നന്നായി നയിക്കാനാവൂ.
- എല്ലാ കുട്ടികളെയും മികവുള്ളവരാക്കി മാറ്റുന്നതിന് നടപ്പിലാക്കുന്ന മാതൃശാക്തീകരണ പരിപാടിയാണ്

## അമ്മക്കിളിക്കൂട്

മാതാവിന്റെ സമഗ്ര ഉന്നമനം : കുട്ടിയുടെ മികവിലേക്ക്

| പ്രവർത്തനങ്ങൾ/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| • അമ്മമാർക്ക് പഠന ക്ലാസ്സുകൾ<br>• സർഗാത്മക പ്രകടന അവസരങ്ങൾ<br>• വായനാക്കൂട്ടം<br>• കമ്പ്യൂട്ടർ പരിശീലനം<br>• പഠന യാത്രകൾ | ജൂൺ-മാർച്ച് | H.M.<br>M.P.T.A. | |

**പ്രവർത്തനം : വിലയിരുത്തൽ**

**ഉദ്ദേശ്യങ്ങൾ** :

- ❖ ഓരോ ക്ലാസ്സിലും വിവിധ വിഷയങ്ങൾ ലക്ഷ്യമിട്ടിരിക്കുന്ന പ്രതീക്ഷിത നേട്ടങ്ങൾ കൈവരിക്കുന്നുണ്ടോ.
- ❖ പ്രത്യേക ശ്രദ്ധയും പരിഗണനയുമുള്ള കുട്ടികൾക്കുള്ള പ്രവർത്തന പരിപാടികൾ രൂപീകരിക്കുക
- ❖ സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി. എന്നിവ കാര്യക്ഷമമാക്കുന്നതിന്
- ❖ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| 1. പ്രീ ടെസ്റ്റ് | വാചികം/എഴുത്ത് എന്നിവയിലൂടെ ഓരോ വിഷയത്തിനും പ്രതീക്ഷിത നിലവാര പഠനം<br>(സ്കൂൾ തലത്തിൽ തയ്യാറാക്കിയ ടൂൾ ഉപയോഗിച്ച്) | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ |
| 2. പ്രീ ടെസ്റ്റ് വിശകലനം എസ്.ആർ.ജി. തുടർ പ്രവർത്തന ആസൂത്രണം | ഓരോ ക്ലാസ് അധ്യാപകനും എസ്.ആർ.ജിയിൽ പ്രിടെസ്റ്റ് ഫലം അവതരിപ്പിക്കുന്നു<br>തുടർ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു | ജൂൺ രണ്ടാം വാരം | S.R.G. കൺവീനർ |
| 3. പരിഹാര ബോധന പ്രവർത്തനങ്ങൾ<br><br>ക്ലാസ്റൂം പ്രവർത്തനങ്ങൾ<br>വായനാവാരം | ടീച്ചിംഗ് മാന്വൽ പ്രവർത്തനാധിഷ്ഠിത രീതിയിൽ തയ്യാറാക്കൽ<br>പ്രതികരണ/റിഫ്ളക്ഷൻ നോട്ട്<br>എസ്.ആർ.ജി.യിൽ ചർച്ച ചെയ്യൽ<br>ദൈനംദിന ക്ലാസ്സ് മുറിയിൽ ഭിന്നതല പ്രവർത്തനം ഉറപ്പു വരുത്തൽ<br>വർക്ക് ഷീറ്റ്/ വായനാ സാമഗ്രികൾ തയ്യാറാക്കൽ<br>വ്യക്തി അധിഷ്ഠിത പ്ലാൻ ഉറപ്പു വരുത്തൽ<br>പ്രത്യേക പിന്തുണ ക്ലാസ്സ് സംഘടിപ്പിക്കൽ | അധ്യയന വർഷം | S.R.G. കൺവീനർ<br><br>S.R.G. |
| 4. യൂണിറ്റ് അസസ്മെന്റ് | ഓരോ പാഠം കഴിയുമ്പോഴും വാചികമായും എഴുത്തിലൂടെയും പ്രതീക്ഷിത പഠനനേട്ടം വിലയിരുത്തൽ, തുടർ പ്രവർത്തനം ആസൂത്രണം ചെയ്യൽ CPTA | | |
| 5. പോർട്ട് ഫോളിയോ വിലയിരുത്തൽ | നിശ്ചിത സൂചകങ്ങൾക്ക് അനുസരിച്ച് നോട്ട്ബുക്ക്, പോർട്ട് ഫോളിയോ വിലയിരുത്തൽ | പ്രതിമാസം | അധ്യാപകർ |
| 6. മൂല്യനിർണയം | സൂചകങ്ങളുടെ അടിസ്ഥാനത്തിൽ CPTA ഉത്തര പേപ്പറുകൾ വിശകലനം ചെയ്ത് തുടർ പ്രവർത്തനം ആസൂത്രണം ചെയ്യൽ CPTA | ടേം പരീക്ഷയ്ക്ക് ശേഷം | S.R.G. |
| 7. പ്രത്യേക പരിഗണന അർഹിക്കുന്ന (C.WS.N.) S.WS.N. കുട്ടിക ളുടെ പഠന ശേഷി ഉറപ്പു വരുത്തൽ | പഠനപ്രവർത്തനങ്ങൾ<br>അനുരൂപീകരണം നടത്തി നടപ്പിലാക്കൽ, വ്യക്തി അധിഷ്ഠിത പഠനം ഉറപ്പാക്കൽ | നിരന്തരം | വിഷയാധ്യാപകൻ |